ആയി കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നുണ്ട്. അതിനുപുറമേ ഈ രംഗത്തുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ ഗവൺമെൻറ് ഇപ്പോൾ വേറൊരു കാര്യം തീരുമാനിച്ചിട്ടുണ്ട്. പി. ഡബ്ല്യൂ. ഡി. യോട് ഇവർക്ക് ആവശ്യമായിട്ടുള്ള വീട് ഒരു പ്രത്യേക പരിഗണന വച്ച് ഏറെറടുത്ത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ അവർ ഈ വർക്ക് ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇവിടെ മററു പല കാര്യങ്ങളെ സംബന്ധിച്ച് അനുഭവത്തിൽ ഉണ്ടായ ന്യൂനതകൾ കണ്ടുപിടിച്ച് പരിഹരിക്കേണ്ടതായ നടപടികൾ സ്വീകരിച്ചുവരികയാണ്. അവശേഷിച്ച വീടുകളുടെ പണി വേഗം പൂർത്തിയാക്കാൻ വേണ്ടി പി. ഡബ്ല്യൂ. ഡി. യോട് ആവശ്യപ്പെട്ട് അതിനാവശ്യമായ പണം അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് താല്പര്യപൂർവ്വം പ്രവർത്തിക്കുന്നതായിരിക്കും.

III. സബ്മിഷൻ

(1) നെയ്യാറിൻകരയിലെ ബസ്യാത്രക്കാർ അനുഭവിക്കുന്ന ദുരിതം

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നെയ്യാറിൻകരയിലെ ബസ്സ് യാത്രക്കാർ അനുഭവിക്കുന്ന ദുരിതത്തെ ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരളത്തിൽ ഏറവും ആദ്യമായി ദേശസാൽക്കരിക്കപ്പെട്ട ഒരു താലൂക്കാണ് നെയ്യാറിൻകര. നെയ്യാറിൻകര ട്രാൻസ്പോർട്ട് ഡിസ്ട്രിക്ടിൽ ഏതാണ്ട് 117 ഷെഡ്യൂളുകളുണ്ട്. അതിലേക്ക് 134 ബസ്സുകളാണ് ആവശ്യം. ആകെക്കൂടി ഉള്ളത് 106 ബസ്സുകൾ മാത്രമാണ്. ആ 106 ബസ്സുകളിൽ 56 ബസ്സുകൾ കട്ടപ്പുറത്താണ്. ഈ 56 ബസ്സുകളൊഴികെ വെറും 50 ബസ്സുകൾ മാത്രമാണ് ഇപ്പോൾ ഓടുന്നത്. ഇതുകൂടാതെ ഇതിൻെറ ഫീഡിംഗ് സ്റേഷൻസ് എന്നുള്ള നിലയിൽ കാട്ടാക്കട, പാറശ്ശാല, പൂവ്വാർ, വിഴിഞ്ഞം ഈ സ്റേഷനുകളുടെ സ്ഥിതിയും വളരെ ദയനീയമാണ്. ഏറാവും കൂടുതൽ കേരളത്തിൽ വരുമാനം ഉണ്ടാക്കുന്ന ഒരു ഡിപ്പോയാണ് നെയ്യാറിൻകര ഡിപ്പോ. ഇവിടെ നിന്നുവരുന്ന വരുമാനം എന്തു ചെയ്യുന്നു എന്ന് ആർക്കും അറിയാൻ നിർവ്വാഹമില്ല. എൻെറ അറിവ് ശരിയാണെങ്കിൽ ട്രാൻസ്പോർട്ടിൻെറ ആഫീസ് കെട്ടിടത്തിൻെറ പണിക്കു വേണ്ടി ഈ തുക വിനിയോഗിക്കുകയാണ്. ഈ രീതിയിൽ മുന്നോട്ട് പോകുകയാണെങ്കിൽ ഏതാണ്ട് 15 ദിവസം കഴിയുമ്പോൾ ഈ ബസ്സ്റേഷൻ പൂട്ടേണ്ടിവരും. ആളുകൾ ഇപ്പോൾ നെയ്യാറിൻകരനിന്നും തിരുവനന്തപുരംവരെ വരുന്നതിന് ഏഴും എട്ടും രൂപ പ്രൈവറായി കൊടുത്ത് ടാക്സികളിലും ട്രക്കുകളിലുമായാണ് യാത്ര ചെയ്യുന്നത്. ഏത് സമയം ചെന്നു നോക്കിയാലും അവിടെ ആയിരക്കണക്കിന് ആളുകൾ കൂട്ടംകൂടി നില്ക്കുന്നതായി കാണാം. മറെറല്ലാ സ്റേഷനുകളെയും അപേക്ഷിച്ച് ഗതാഗതത്തിന് മറെറാരു മാർഗ്ഗവുമില്ലാത്ത ഒരു സ്ഥലമാണ് നെയ്യാറിൻകര. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി നടപടികളെടുത്ത് ടയർ ഇല്ലാത്ത ബസ്സുകൾക്ക് ടയറുകളും സ്പെയർ പാർട്ട്സ് ഇല്ലാത്തവയ്ക്ക് സ്പെയർ പാർട്ട്സും ഇഷ്യൂ ചെയ്തു പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. കേരള സംസ്ഥാനത്ത് ആദ്യമായി പൂർണ്ണമായി ദേശസാല്ക്കരിക്കപ്പെട്ട മേഖല നെയ്യാറ്റിൻകര താലൂക്കാണ്. മറ്റ് യാതൊരു ബസ് സൗകര്യങ്ങളും ഇല്ലാത്ത വളരെ ദുരിത പൂർണ്ണമായ അനുഭവമാണ് യാത്രാരംഗത്ത് ഉണ്ടായിരുന്നത്. 1983-വരെ 54 ഷെഡ്യൂളുകളോടെ മാത്രം ആരംഭിച്ച സ്ഥാനത്ത് ഈ ഗവൺമെൻറ് വന്നതിനുശേഷം 119 ഷെഡ്യൂളുകളും ഇന്ന് ആരംഭിച്ചിട്ടും ഇപ്പോഴും യാത്രാക്ലേശം വളരെ കഷ്ടത്തിലാണ് എന്നു പറയുന്നതിനോട് യോജിക്കാൻ സാദ്ധ്യമല്ല. ഈ സഭയിലിരിക്കുന്ന പലർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഇന്ന് 119 ഷെഡ്യൂളുകളുണ്ട്. ഒരു എക്സ്പ്രസ് ബസ്സും 15 ഫാസ്റ്റ് പാസ്സഞ്ചർ ബസ്സും 103 ഓർഡിനറി സർവ്വീസുകളും ഇവിടെ നിന്ന് പുറപ്പെടുകയാണ്. 119 ഷെഡ്യൂളുകളും കൃത്യമായി ഓപ്പറേറ് ചെയ്യണമെങ്കിൽ 133 ബസ്സുകളും ആവശ്യമാണ്. ബസ്സിന്റെ കുറവു മൂലം 106 ബസ്സുകളും മാത്രമേ അവിടെ അനുവദിക്കപ്പെടുവാൻ കഴിയുകയുള്ളു. എന്റെ സുഹൃത്ത് ശ്രീ. തങ്കരാജ് പറഞ്ഞത് കുറേയൊക്കെ ശരിയാണ്. ഈ അടുത്ത കാലത്ത് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പരാധീനതകൊണ്ട് കൃത്യമായി ടയർ വാങ്ങാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യമാണ്. ഇന്ന് 22 ബസ്സ് ടയർ ഇല്ലാതെ ഇവിടെ കിടക്കുകയാണ്. ഇന്നലേയും ഞാൻ അവിടെ പോയതാണ്, നെയ്യാറ്റിൻകര യൂണിറ് ആഫീസിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട മേഖല എന്ന നിലയിൽ അവിടത്തെ യാത്രാക്ലേശം വളരെ വേഗം പൂർണ്ണമായി പരിഹരിക്കാൻ കഴിയും. രണ്ടാഴ്ചക്കകത്തു തന്നെ മുഴുവൻ സർവ്വീസുകളും കൃത്യമായി ഓടിക്കാൻ ഉള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിരിക്കുകയാണ്.

(2) വികസന അതോറിറ്റികളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എ. സി. ജോസ് : കേരളത്തിൽ 10 വർഷത്തിന് മുമ്പ് ആരംഭിച്ച കൊച്ചിയിലേയും കോഴിക്കോട്ടേയും തിരുവനന്തപുരത്തേയും വികസന അതോറിറ്റികളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ പ്രശ്നമാണ് ഞാൻ അടിയന്തിരമായി ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ അതോറിറ്റികളിൽ കഴിഞ്ഞ 10 വർഷം മുമ്പുതന്നെ സ്ഥിരമായി ആളുകളെ നിയമിച്ചിരുന്നു. അവർക്ക് എല്ലാ തരത്തിലുള്ള സർക്കാർ നിയമങ്ങളും നിബന്ധനകളും സർവ്വീസ് റൂൾസും എല്ലാം ബാധകമാണ്. പക്ഷേ ഇന്നുവരെ അവർക്ക് പെൻഷൻ കൊടുത്തിട്ടില്ല. പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിട്ടുള്ള ഏക അർദ്ധസർക്കാർ സ്ഥാപനം ഇത് മാത്രമാണ്. അതുപോലെതന്നെ അവരോടൊപ്പം ജോലിചെയ്യുന്ന ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ള എല്ലാവർക്കും പെൻഷൻ കൊടുക്കാനുള്ള നടപടികളും സ്വീകരിച്ച് അത് കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഡെപ്യൂട്ടേഷനിൽ ഇരിക്കുന്ന ആളുകൾക്ക് പെൻഷൻ കൊടുക്കുകയും അതേ അവസരത്തിൽ തന്നെ ഈ വികസനഅതോറിറ്റിയിൽ ജോലി ചെയ്യുന്ന സ്ഥിരമായ ജോലിക്കാർക്ക് പെൻഷൻ ഇല്ലാത്ത ഒരു സ്ഥിതിവിശേഷവുമാണ് ഉണ്ടായിരിക്കുന്നത്. ഇതിന് ഒരു പരിഹാരം കാണണമെന്ന് അവർ പല പ്രാവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്നുവരെ അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടില്ല. ഒരു വർഷം മുമ്പ് ഈ വിഷയം ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly